പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3422 19.06.2019-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി നിയമനങ്ങൾ


ചോദ്യം

ശ്രീ.റോജി എം. ജോൺ

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)


**ചോദ്യം**

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി. യിൽ ഏതൊക്കെ തസ്തികകളിലെ ഒഴിവ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; തസ്തികകളുടെ ഇനം തിരിച്ചുള്ള വിശദാംശം നൽകുമോ;

**മറുപടി**

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി.യിലെ വിവിധ തസ്തികകളിലെ ഒഴിവ് പി.എസ്. സി.ക്ക് റിപ്പോർട്ട് ചെയ്തവയുടെ വിവരം ചുവടെ ചേർക്കുന്നു.

| തസ്തിക | ഒഴിവുകളുടെ എണ്ണം |
|---|---|
| കണ്ടക്ടർ ഗ്രേഡ് II | 823 |
| ഡ്രൈവർ | 195 |
| ജൂനിയർ അസിസ്റ്റന്റ് | 388 (NJD) |
| പ്യൂൺ | 18 |
| സ്റ്റോർ ഇഷ്യൂവർ | 16 |
| ബ്ലാക്ക് സ്മിത്ത് | 7 |
| പെയിന്റർ | 1 |

ബഹു. കേരളാ ഹൈക്കോടതിയുടെ വിവിധ വിധികൾ പ്രകാരമാണ് മേൽ പരാമർശിച്ചിട്ടുള്ള ഒഴിവുകൾ പി എസ് സി യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് കോർപ്പറേഷൻ നിർബന്ധിതമായത്.

കെ.എസ്.ആർ.റ്റി.സി.യുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി പഠനം നടത്തുന്നതിന് സർക്കാർ നിയോഗിച്ച ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് കൽക്കട്ടയിലെ റിട്ട. പ്രൊഫ. സുശീൽ ഖന്നയുടെ പഠനത്തിൽ കോർപ്പറേഷനിലെ ജീവനക്കാരുടെ അനുപാതം ദേശീയ ശരാശരിയായ 5.5 എന്നതിനേക്കാൾ കൂടുതലാണെന്ന് കണ്ടെത്തിയിട്ടുണ്ട്. അതീവ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കോർപ്പറേഷനെ

| | | | |
|---|---|---|---|
| | | | പുനരുദ്ധരിക്കുന്നതിന് പുതുതായുള്ള എല്ലാ ത്തരം നിയമനങ്ങളും താൽകാലികമായി നിർത്തിവയ്ക്കേണ്ടി വരികയും ഈ ആവശ്യം ബഹു. കേരള ഹൈക്കോടതിയെ ബോധി പ്പിക്കുകയും കോർപ്പറേഷന്റെ അവസ്ഥ മനസിലാക്കിയ ബഹു. ഹൈക്കോടതി കോർപ്പറേഷന്റെ ആവശ്യകത ശരിവച്ചു കൊണ്ട് WA No. 1569/18 പ്രകാരം അനുകൂല വിധി പുറപ്പെടുവിക്കുകയും ചെയ്തി ട്ടുണ്ട്.<br>ആയതിനാൽ മേൽ പരാമർശിച്ച ഒഴിവുകൾ ക്കും താൽകാലികമായി കോർപ്പറേഷൻ കാലാകാലങ്ങളിൽ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള മറ്റ് ഒഴിവുകൾക്കും സാധുത ഇല്ലാത്തതാണ്. |
| (ബി) | ഇപ്രകാരം റിപ്പോർട്ട് ചെയ്ത ഒഴിവു കളിൽ എത്ര നിയമനങ്ങൾ ഇതി നകം നടത്തിയെന്ന് അറിയിക്കു മോ? | (ബി) | ഡ്രൈവർ:- ഡ്രൈവർ തസ്തികയിൽ ഇപ്രകാരം റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ നിന്നും നിയമനം നടത്തിയിട്ടില്ല. എന്നാൽ ഈ സർക്കാർ നിലവിൽ വന്നതിനുശേഷം പി.എസ്.സി മുഖാന്തിരം മുൻപ് നിലവിൽ വന്ന നിയമനോപദേശ പ്രകാരം 358 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.<br>കണ്ടക്ടർ:- ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റിപ്പോർട്ട് ചെയ്ത 1042 ഒഴിവു കളും, അതിനു മുൻപ് റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളും ചേർത്ത് 4051 പേരുടെ നിയമന ശുപാർശ പട്ടികയിൽ നിന്നും 3941 പേർക്ക് കണ്ടക്ടർ തസ്തികയിൽ നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.<br>ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ, ഒഴിവ് റിപ്പോർട്ട് ചെയ്ത പ്രകാരം 8/2016 ൽ ലഭിച്ച നിയമന ശുപാർശ പ്രകാരം - 179 പേർക്ക് നിയമനം നൽകി.<br>പ്യൂൺ തസ്തികയിൽ ഇപ്രകാരം റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ നിന്നും 18 പേർക്ക് നിയമനം നൽകി.<br>അസി.സ്റ്റോർ കീപ്പർ തസ്തികയിൽ ഇപ്രകാരം റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ നിന്നും 9 പേർക്ക് നിയമനം നൽകി. |

**സെക്ഷൻ ഓഫീസർ**